"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം WM3/173/2022-LSGD

തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 24-07-2023

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- മാലിന്യമുക്തം നവകേരളം-ജില്ലാ തല എൻഫോഴ്സ്മെന്റ് ടീമിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പരിശോധനയിൽ ഉൾപ്പെടുത്തേണ്ട അധിക വിവരങ്ങൾ സംബന്ധിച്ച്.

സൂചന:- (1) സ.ഉ.(സാധാ)നം673/2023/തസ്വഭവ തീയതി.21.03.2023.

(2) സ.ഉ.(സാധാ)നം1068/2023/തസ്വഭവ തീയതി.20.05.2023

(3) തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന 08.07.2023-ലെ റിവ്യൂ മീറ്റിംഗ് മിനിട്സ്

**********************

സംസ്ഥാനത്തെ മാലിന്യമുക്തമായി പ്രഖ്യാപിക്കുന്നതിനുള്ള കർമ്മ പരിപാടികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു . അതിന്റെ ഭാഗമായി സംസ്ഥാനത്ത് ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡ് , സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ളതും , ചുമതലകൾ നിശ്ചയിച്ച് നൽകിയിട്ടുള്ളതുമാകുന്നു . ടി എൻഫോഴ്സ്മെന്റ് സ്ക്വാഡിന് സൂചന (1) ഉത്തരവ് പ്രകാരം നിശ്ചയിച്ചു നൽകിയിട്ടുള്ള ചുമതലകൾക്ക് പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ചുവടെ പറയുന്ന പ്രവർത്തനങ്ങൾ കൂടി പരിശോധിക്കേണ്ടതാണ് .

1. **വാതിൽപ്പടി ശേഖരണത്തിന്റെ പുരോഗതി വിലയിരുത്തൽ**

(എ) കൃത്യമായ ഇടവേളകളിൽ വാതിൽപ്പടി ശേഖരണം നടക്കുന്നുണ്ടോ

(ബി) വീടുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന പാഴ്വസ്തുക്കൾ അതാത് ദിവസംMCF/MINi MCF-ൽ സംഭരിക്കുന്നുണ്ടോ

(സി) തുറസ്സായ സ്ഥലങ്ങളിൽ മാലിന്യം ശേഖരിച്ച് വയ്ക്കുന്നുണ്ടോ.

(ഡി) **സ്വകാര്യ ഏജൻസികളുടെ നേതൃത്വത്തിലുള്ള വാതിൽപ്പടി ശേഖരണം**

(എ) മാലിന്യം നീക്കം ചെയ്യുന്ന ഇടവേള

(ബി) മാലിന്യം താത്ക്കാലികമായി സംഭരിച്ച് വയ്ക്കുന്നതിന്റെ സ്ഥിതി

2. **തുമ്പൂർ മൂഴി/വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തൽ**

(എ) തുമ്പൂർ മൂഴി ശരിയായി പ്രവർത്തിക്കുന്നുണ്ടോ

(ബി) ഈച്ച ശല്യം ഉണ്ടോ

(സി) ലീച്ചെറ്റ് പ്രശ്നമുണ്ടോ

(ഡി) ദുർഗന്ധ മുണ്ടോ

(ഇ) എല്ലാ ദിവസവും കൃത്യസമയത്ത് മാലിന്യം ശേഖരിക്കുന്നുണ്ടോ

(എഫ്) കൂടി കലർന്ന മാലിന്യമാണോ ശേഖരിക്കുന്നത്

(ജി) തുമ്പൂർമൂഴി ഷെഡിനു ചുറ്റും പക്ഷികൾ/ ജീവികൾ എന്നിവ പ്രവേശിക്കാതിരിക്കാൻ നെറ്റ് സൌകര്യം മുണ്ടോ.

(എച്ച്) തുമ്പൂർമൂഴിയുടെ പരിസരം വൃത്തിയുള്ളതും ആകർഷകവുമാണോ

**3.MCF/RRF പ്രവർത്തനം വിലയിരുത്തൽ**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന മാലിന്യത്തിന്റെ അടിസ്ഥാനത്തിലുള്ള MCF/RRF പ്രവർത്തനമാണ് വിലയിരുത്തേണ്ടത്.

(എ) അടിസ്ഥാന സൌകര്യം

| സ്ഥലസൌകര്യം | ടോയലറ്റ് | കുടിവെള്ളം, | ഇലക്ട്രിസിറ്റി | വിശ്രമമുറി | അഗ്നിസുരക്ഷ ക്രമീകരണം | വാഹനം കടന്നു വരാനുള്ള സൌകര്യം |
|---|---|---|---|---|---|---|
| | | | | | | |

(ബി) തരംതിരിക്കാനുള്ള സൌകര്യം

(സി) സ്റ്റോറേജ് സൌകര്യം

(ഡി) പാഴ് വസ്തുക്കൾ കൃത്യമായ ഇടവേളകളിൽ മാറ്റുന്നുണ്ടോ

(ഇ) മാലിന്യം കൂടി കലർന്നാണോ MCF/RRF-ലേക്ക് വരുന്നത്.

(എഫ്) MCF/RRF-ലേക്ക് വരുന്ന അജൈവ പാഴ്വസ്തുക്കളിൽ ജൈവ മാലിന്യത്തിന്റെ അംശമുണ്ടോ

(ജി) mcf ലേക്കെത്തുന്ന മാലിന്യവും പുറത്തു പോകുന്ന മാലിന്യവും കൃത്യമായി തിട്ടപ്പെടിത്തിക്കൊണ്ടുള്ള കണക്കു സൂക്ഷിക്കുന്നുണ്ടോ

(എച്) മാലിന്യം കുന്നുകൂടി പരിസരം ഉൾപ്പെടെ വൃത്തിഹീനമാണോ

**4 ബൾക്ക് വേസ്റ്റ് സംബന്ധിച്ച്**

(എ) തദ്ദേശ സ്വയംഭരണ പ്രദേശത്തെ മൊത്തം ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സിനെ സംബന്ധിച്ച പോർട്ടലിൽ നൽകിയിരിക്കുന്ന കണക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ഡെയിഡേഞ്ജ് രജിസ്റ്റർ/ലൈസൻ സ് രജിസ്റ്റർ എന്നിവയിലെ വിവരങ്ങളും ഒത്തു നോക്കി കണക്കിലെ പൊരുത്തക്കേട് കണ്ടെത്തുക. തുടർന്ന് തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ സന്ദർശിച്ച് മാലിന്യ സംസ്കരണ സംവിധാനം പരിശോധിക്കുകയും ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സിന്റെ നേതൃത്വത്തിൽ മാലിന്യം സംസ്കരണ സംവിധാനം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളും പരിശോധനക്ക് വിധേയമാക്കണം.

(ബി) ചിക്കൻ കട്ടിംഗ് സെന്ററുകൾ/സ്റ്റാളുകൾ ചിക്കൻ റെന്ററിംഗ് യൂണിറ്റുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ

**5.വിജിലൻസ് സ്ക്വാഡിന്റെ പ്രവർത്തനം**

സൂചന ( 2 ) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിജിലൻസ് സ്ക്വാഡിന്റെ രജിസ്റ്റർ പരിശോധനയ്ക്ക് വിധേയമാക്കി, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന നിയമനടപടി വിലയിരുത്തുക.

**6.ജൈവമാലിന്യ സംസ്കരണം**

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന സാനിറ്ററി വേസ്റ്റ് സംസ്കരിക്കാനുള്ള പൊതു സംവിധാന സൌകര്യമുണ്ടോ? ഉണ്ടെങ്കിൽ എന്താണ് ?

(ബി) ഇക്കാര്യത്തിൽ സ്വകാര്യ ഏജൻസികളുടെ സേവനമാണ് ഉപയോഗിക്കുന്നതെങ്കിൽ

| സ്വകാര്യ ഏജൻസിയുടെ പേര് | സംസ്കരണ സംവിധാനം മുണ്ടോ | സംസ്കരണ രീതി | | റിമാർക്സ് |
|---|---|---|---|---|
| | | ശാസ്ത്രീയം | അശാസ്ത്രീയം | |
| | | | | |

മേൽ വിവരിച്ച കാര്യങ്ങളും, പ്രസ്തുത പ്രശനങ്ങൾ പരിഹരിക്കാൻ സെക്രട്ടറി സ്വീകരിച്ച നടപടികൾ അവയുടെ പുരോഗതിയും ജില്ലാ എൻഫോഴ്‌സ്മെന്റ് സ്ക്വാഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തി പ്രതിമാസ റിപ്പോർട്ട് എല്ലാ മാസവും ഒന്നാം തീയതി ജില്ലാ ജോയിന്റ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ട് ജില്ലാ ജോയിന്റ് ഡയറക്ടർമാർ ജില്ലാതല ക്യാമ്പയിൻ സെക്രട്ടറിയേറ്റിൽ ചർച്ചക്ക് വിധേയമാക്കേണ്ടതും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിഹരിക്കേണ്ട വിഷയങ്ങൾ ഉണ്ടെങ്കിൽ ജില്ലാ ജോയിന്റ് ഡയറക്ടർ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ജില്ലാ എൻഫോഴ്‌സ്മെന്റ് സ്ക്വാഡിന്റെ പ്രതിമാസ റിപ്പോർട്ടും, ജില്ല ക്യാമ്പയിൻ സെക്രട്ടറിയേറ്റിന്റെ പരിഹാര നടപടി റിപ്പോർട്ടും സഹിതം എല്ലാ മാസവും 10-ാം തീയതി ജില്ലാ ജോയിന്റ് ഡയറക്ടർമാർ സർക്കാരിലേക്ക് ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകി ഉത്തരവാകുന്നു.

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 31-07-2023 16:42:45

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ജില്ലാ ജോയിന്റ് ഡയറക്ടർമാർ തദ്ദേശ സ്വയംഭരണ വകുപ്പ്.